"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.2400/2016-മേലുള്ള 25.10.2016-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.654/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/03/2019

---

പരാമർശം:- 1 ശ്രീ. എൽ. ധർമ്മപാലൻ സമർപ്പിച്ച 30.06.2016-ലെ അപ്പീൽ അപേക്ഷ.

2 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.2400/2016-മേലുള്ള 25.10.2016-ലെ വിധിന്യായം

<u>ഉത്തരവ്</u>

ശ്രീ. എൽ. ധർമ്മപാലൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.2400/2016-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. എൽ. ധർമ്മപാലൻ പരാമർ ശം ( 1 ) പ്രകാരം സമർപ്പിച്ച അപ്പീൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

2. ജൂനിയർ-സീനിയർ അപാകത പരിഹരിക്കണമെന്നതാണ് ശ്രീ. ധർമ്മപാലൻ അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എൽ. ധർമ്മപാലന്റേയും ശ്രീ. മോഹനചന്ദ്രൻ പിള്ളയുടേയും സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ നിന്നും ശ്രീ . എൽ. ധർമ്മപാലൻ 21.06.1989-ൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ശ്രീ. മോഹനചന്ദ്രൻ പിള്ള പ്രസ്തുത തസ്തികയിൽ 06.11.1989 ൽ പ്രവേശിക്കുകയുമുണ്ടായി. എന്നാൽ ശ്രീ. മോഹനചന്ദ്രൻ പിള്ളയ്ക്ക് 18.12.1984 മുതൽ (LDC) മുൻകാല സർവ്വീസുണ്ട്. ശ്രീ. ധർമ്മപാലന് വിവിധ കാലയളവുകളിൽ സസ്പെൻഷൻ ലഭിക്കുകയും, അതിൽ 07.09.2002 മുതൽ 21.10.2003 വരെയും, 07.06.2003 മുതൽ 13.10.2003 വരെയുമുള്ള കാലയളവുകൾ ക്രമവൽക്കരിക്കാത്തതിനാൽ ടിയാന്റെ നോർമൽ ഇൻക്രിമെന്റ് തീയതിയിൽ മാറ്റം വന്നിട്ടുണ്ട്. ശ്രീ. എൽ. ധർമ്മപാലൻ 2004 ശമ്പളപരിഷ്കരണത്തിൽ ശമ്പള നിർണ്ണയത്തിന് യുക്തിസഹമായി ഓപ്ഷൻ നല്കാത്തതുമൂലവും, ടിയാന്റെ ജൂനിയറായ ശ്രീ. മോഹനചന്ദ്രൻ പിള്ളയ്ക്ക് ടിയാനേക്കാൾ ഒരു ഇൻക്രിമെന്റ് കൂടുതൽ വെയിറ്റേജ് ലഭിച്ചതുമാണ് ഇവിടെ സീനിയറിന് ശമ്പളം കുറയാൻ കാരണം. അല്ലാതെ

ശമ്പള പരിഷ്കരണംവന്നതുമൂലമല്ല. ആയതിനാൽ 2004 ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം 2 ലെ 6-ാം ഖണ്ഡികയിലെ നിബന്ധനകൾ പാലിക്കപ്പെടാത്തതിനാൽ ശ്രീ. എൽ. ധർമ്മപാലന്റെ ജൂനിയർ - സീനിയർ അപാകത പരിഹരിക്കാനാവില്ല എന്നതിനാൽ ശ്രീ. എൽ. ധർമ്മപാലൻ സമർപ്പിച്ച അനക്ഷർ എ2 അപ്പീൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ശ്രീ. എൽ. ധർമ്മപാലൻ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി (റിട്ട.)നവരത്നം, വെഞ്ഞാറമൂട് പി.ഒ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ഓഡിറ്റ്), കേരള, തൃശ്ശൂർ/തിരുവനന്തപുരം
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം.1/79/2017-ധന. തീയതി 06.03.2019 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ